# എനിക്കായ് കരുതിയ

എനിക്കായ് കരുതിയ എൻ ദൈവം
എന്റെ തലമുറയ്ക്കായും കരുതും
ആകുലമില്ലിനി ഭാരങ്ങളില്ലിനി
കണ്ണീർ തുടച്ചു ഞാനെഴുന്നേൽക്കും

ലജ്ജിപ്പാനവൻ സമ്മതിക്കുകില്ല
എന്റെ തലയെ കുനിക്കുകയില്ല
കുറഞ്ഞുപോകില്ല ഉയർത്തി മാനിക്കും
ഭാവിയെല്ലാമവൻ ഭരമേൽക്കും

സത്യത്തിൻ മാർഗ്ഗേ ഗമിച്ചുകൊണ്ട്
എന്റെ നാഥന്റെ സാക്ഷ്യം വഹിച്ചാൽ
ആയിരം തലമുറ ദയ പ്രാപിച്ചീടും
നന്മയും കരുണയും പിൻതുടരും

വിശ്വസ്ഥ സേവനം ചെയ്തു ഞാനും
നല്ല ദാസിയേ എന്ന വിളികേൾക്കും
സ്വസ്ഥതയിലെന്നെ പ്രവേശിപ്പിച്ചീടും
നിത്യതയിൽ ഞാൻ ആനന്ദിച്ചീടും

-----------------------------------------------